# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4800** **22.03.2018 ൽ മറുപടിയ്ക്ക്**

## പാരമ്പര്യേതര ഊർജ്ജം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) പാരമ്പര്യേതര ഊർജ്ജത്തിന്റെ സാദ്ധ്യതകൾ കേരളത്തിൽ എത്രമാത്രമുണ്ടെന്നുള്ള പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; | (എ) ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിർമ്മാണം നടത്തി ഇതുവരെ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികളുടേയും നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്ന സൗരോർജ്ജ പദ്ധതികളുടേയും വിശദാംശങ്ങൾ **അനുബന്ധ**മായി ചേർത്തിരിക്കുന്നു. കൂടാതെ കാറ്റിൽ നിന്നും സംസ്ഥാനത്ത് **605** മെഗാവാട്ടിന്റെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്.<br>കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിന്റ് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിച്ച് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ National Institute of Wind Energy (NIWE, Chennai) നടത്തിയ പഠനങ്ങളിൽ കേരളത്തിൽ കാറ്റിൽ നിന്നും **790** മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് അനെർട്ട് കണ്ടെത്തിയിട്ടുണ്ട്. NIWE ടെ സഹായത്തോടെ കേരളത്തിൽ കേന്ദ്ര പദ്ധതിയായ Solar Radiation Resource Assessment സ്കീമിൽ കണ്ണൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ പഠന പ്രവർത്തനം നടന്നുവരുന്നു. ഇടുക്കി ജില്ലയിൽ രാമക്കൽമേട്ടിലും പാലക്കാട് ജില്ലയിൽ കുഴൽമന്ദത്തും Solar Radiation Resource Assessment Station കൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്.<br>ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ഏകദേശം **700** MW ന്റെ സാങ്കേതിക സാദ്ധ്യത ഉള്ളതായി എനർജി മാനേജ്മെന്റ് സെന്റർ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) അനെർട്ട്-നെ ഉപയോഗിച്ചുകൊണ്ട് പാരമ്പര്യേതര ഊർജ്ജം ഉപയോഗിക്കുന്ന രീതികൾ കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) അനെർട്ടിനെ ഉപയോഗിച്ച് പാരമ്പര്യേതര ഊർജ്ജം ഉപയോഗിക്കുന്ന രീതികൾ ജനകീയമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി **16.65** കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ **1.4** മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ ജില്ലാകളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് **11.87** കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ |

ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2017-2018 സാമ്പത്തിക വർഷം അനെർട്ട് മുഖേന അക്ഷയ ഊർജ്ജഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും, കോൾ സെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും, ടോൾ ഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും, വിവരങ്ങളും, ലഭ്യമാക്കുന്നതിനും, വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശനശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന തിനും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, ജൈവോർജ്ജം എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളുടേയും സംവിധാനങ്ങളുടേയും പ്രചരണവും, കേന്ദ്ര ഗവൺമെന്റ് സബ്സിഡിയോടു കൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സംരംഭകർക്ക് സാങ്കേതിക അനുമതിയും അനെർട്ട് മുഖേനയാണ് നൽകി വരുന്നത്.

അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക്, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും, നിർമ്മാതാക്കളെ എംപാനൽ ചെയ്യുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും, സംരംഭകർക്കും ഇൻസെന്റീവ് നൽകി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇന്റഗ്രേഡ് റെന്യൂവബിൾ എനർജി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.40 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | 07/2018 |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | 30.11.2016 |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | 07.11.2016 |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | 30.11.2016 |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | 17.11.2016 |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 22.04.2017 |
| 15 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.910 | 02/2018 |

| | | | |
|---|---|---|---|
| 16 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | 21.12.2017 |
| 17 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | 17.05.2017 |
| 18 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | 30.05.2017 |
| 19 | കറ്റിപ്പുറം | 0.50 | 28.11.2017 |
| 20 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | 04.12.2017 |
| 21 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | 15.01.2018 |
| 22 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | 02.02.2018 |
| | **ആകെ** | **15.374372** | |
| 1 | ഓൺ ഗ്രിഡ് കൺസ്യൂമേഴ്സ് | 10.052 | |
| 2 | സിയാൽ | 30 | 11.12.2017 |
| 3 | IREDA | 50 | 14.09.2017 |
| 4 | അനർട്ട് | 2 | 09.12.2016 |
| 5 | ഹിൻഡാൽകോ | 1 | 31.03.2016 |
| | **ആകെ** | **108.4663** | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (കോടി) |
|---|---|---|---|---|
| 1 | പീരുമേട്, ഇടുക്കി | 0.50 | നിർമ്മാണം ആരംഭിച്ചു (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 3.6035 |
| 2 | ഏറ്റുമാനൂർ, കോട്ടയം | 1.00 | Wet land issue | 6.6872 |

| | | | | |
|---|---|---|---|---|
| 3 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 9.69 |
| 4 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 3.539052 |
| 5 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) | 0.67 | 2018-19 ൽ പൂർത്തീകരിക്കും | 5.125 |
| 6 | ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നം) | 0.480 | 2018-19 ൽ പൂർത്തീകരിക്കും | 3.3018 |
| 7 | ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നം) | 0.110 | 2018-19 ൽ പൂർത്തീകരിക്കും | 0.7339 |
| 8 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് (3 നം) | 0.195 | 2018-19 ൽ പൂർത്തീകരിക്കും | 1.38584 |
| 9 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി (2 നം) | 0.027 | 2018-19 ൽ പൂർത്തീകരിക്കും | 0.15 |
| 10 | സൗത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾ (4 നം) | 0.057 | 2018-19 ൽ പൂർത്തീകരിക്കും | 0.40595 |
| 11 | കൊട്ടിയം, കൊല്ലം | 0.60 | 2018-19 ൽ പൂർത്തീകരിക്കും | 3.75 |
| 12 | മയിലാട്ടി, കാസർഗോഡ് | 1.00 | 2018-19 ൽ പൂർത്തീകരിക്കും | 5.82 |
| 13 | മാടക്കത്തറ ചൂളിശ്ശേരി | 1.5 | 2018-19 ൽ പൂർത്തീകരിക്കും | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 14 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 2018-19 ൽ പൂർത്തീകരിക്കും | |
| 15 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രഭ സ്കീം പ്രകാരം) | 0.04 | 2018-19 ൽ പൂർത്തീകരിക്കും | 31.55 |
| | ആകെ | 9.299 | | |

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
|---|---|---|---|
| 1 | റിവേഴ്സ് ബിഡ്ഡിങ്ങിലൂടെ വിവിധയിടങ്ങളിൽ ഉത്പ്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി വാങ്ങുന്ന പദ്ധതി | 200 | |

| | | | |
|---|---|---|---|
| 2 | കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതി | 50 | ഇതിൽ 5 മെഗാവാട്ട് ആദ്യഘട്ടത്തിലും ശേഷമുള്ള 45 മെഗാവാട്ട് വിവിധഘട്ടങ്ങളിലായി നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

<u>സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പദ്ധതികളുടെ വിശദാംശം</u>

1.) <u>നിലവിൽ ഫണ്ട് ലഭ്യമായ പദ്ധതികൾ</u>

| നം | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട് പീക്ക് & സ്ഥാപനങ്ങളുടെ എണ്ണം) | കരാർ തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 0.48 & 44 | 330.18 | വർക്ക ഓർഡർ നൽകിക്കഴിഞ്ഞു. |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 0.67 & 29 | 512.50 | വർക്ക ഓർഡർ നൽകിക്കഴിഞ്ഞു |
| 3 | തെക്കൻ മേഖലയിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടേയും കെട്ടിടങ്ങളുടെ മുകളിൽ | 0.0575 & 4 | 40.595 | വർക്ക ഓർഡർ നൽകിക്കഴിഞ്ഞു |
| 4 | മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 0.11 & 11 | 73.39 | പ്രൈസ് ബിഡ് തുറന്ന് കഴിഞ്ഞു. |
| 5 | കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 0.195 & 3 | 173.22 | ടെക്കിനിക്കൽ ബിഡ് തുറന്ന് കഴിഞ്ഞു. |
| 6 | കൊല്ലം ജില്ലാ പഞ്ചായത്ത് | 0.09 & 4 | 65 | ദർഘാസ് നടപടികൾ നടന്ന് കൊണ്ടിരിക്കുന്നു |
| 7 | ആറ്റിങ്ങൽ മുൻസിപ്പാലിറ്റി രണ്ടാം ഘട്ടം | 0.021 & 2 | 15.2 | ദർഘാസ് നടപടികൾ നടന്ന് കൊണ്ടിരിക്കുന്നു |

| | | | | |
|---|---|---|---|---|
| 8 | കോട്ടയം ജില്ലാ പഞ്ചായത്ത് | 0.022<br>&<br>1 | 15.9 | ദർഘാസ് നടപടികൾ നടന്ന് കൊണ്ടിരിയ്ക്കുന്നു |
| | ആകെ | 1.6455 | 1229.985 | |

## 2.) ഫണ്ട് ലഭ്യമാകാത്ത പദ്ധതികൾ

| നം | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട് പീക്ക് & സ്ഥാപനങ്ങളുടെ എണ്ണം ) | കരാർ തുക(ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കളക്ടറേറ്റ്<br>(9 കെട്ടിടങ്ങൾ) | 0.180<br>&<br>9 | 124.34 | ഡി.പി.ആർ അനർട്ടിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| 2 | മെഡിക്കൽ കോളേജ് തിരുവനന്തപുരം (അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ) | 1.5<br>&<br>1 | 860 | ഡി.പി.ആർ അനർട്ടിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| 3 | കാസർഗോഡ് ജില്ലാ പഞ്ചായത്ത് രണ്ടാം ഘട്ടം | 0.335<br>&<br>5 | 250 | ഡി.പി.ആർ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| 4 | പത്തനംതിട്ട<br>ജില്ലാ പഞ്ചായത്ത് | 0.250<br>&<br>8 | 200 | ഡി.പി.ആർ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| 5 | എറണാകുളം<br>ജില്ലാ പഞ്ചായത്ത് | 0.130<br>7<br>13 | 100 | ഡി.പി.ആർ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| 6 | കിൻഫ്രാ<br>പാർക്ക് തലശ്ശേരി | 0.130<br>&<br>2 | 93 | ഡി.പി.ആർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| 7 | സെന്റ് ജോൺസ് ഹയർസെക്കന്ററി സ്കൂൾ, കുത്താട്ട്കുളം | 0.100<br>&<br>1 | 75 | ഡി.പി.ആർ അനർട്ടിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| | ആകെ | 2.625 | 1702.34 | |

2) ഭൗമോപരിതലത്തിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതികൾ

| നം | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട് പീക്ക് & സ്ഥാപനങ്ങളുടെ എണ്ണം ) | കരാർ തുക(ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഇരുമ്പനം | 4 & 1 | 2880 | പദ്ധതി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി,"ടേംസ് ഓഫ് റെഫറൻസ്" സംബന്ധിച്ചുള്ള ചർച്ച നടന്ന് കൊണ്ടിരിക്കുന്നു. |